സാമ്പത്തിക വർഷം	പരസ്യങ്ങൾക്കായി ചെലവഴിച്ച തുക	പ്രസിദ്ധികരണങ്ങൾക്കായി ചെലവഴിച്ച തുക
2011-12	36,17,86,702	72,34,391
2012-13	26,48,10,268	77,54,186
2013-14	24,02,36,409	1,67,46,291
2014-15	29,99,99,500	1,22,42,850
2015-16	17,00,24,030	3,47,15,846

പത്ര-ദൃശ്യ-മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങൾക്ക് ആകെ ചെലവായ തുകയിൽ 30,79,72,083 രൂപ മുൻ സർക്കാരിന്റെ കാലത്തെ കുടിശ്ശിക ഇനത്തിൽ ചെലവഴിച്ചിട്ടുള്ളതാണ്.

(ബി) ഈ ഇനത്തിൽ ഏകദേശം 35 കോടി രൂപ കൊടുത്തുതീർക്കുവാനുണ്ട്. ബില്ലുകൾ പൂർണ്ണമായും വകുപ്പിൽ ലഭ്യമായിട്ടില്ല.

(സി) വികസന സമന്വയം എന്ന ടാബ്ലോയിഡ് പത്രത്തിന്റെ 15 ലക്ഷം വീതമുള്ള 2 ലക്കങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിയമസഭാ പ്രസംഗം പുസ്തക രൂപത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നു. ഹെറിറ്റേജ് സീരീസിൽ കോട്ടയം ജില്ലയുടെ പുസ്തകം തയ്യാറാക്കി വരുന്നു. വിഴിഞ്ഞം പദ്ധതിയെക്കുറിച്ചും തീരമേഖലയിലെ നേട്ടങ്ങളെക്കുറിച്ചും ഓരോ പുസ്തകം വീതം തയ്യാറാക്കി വരുന്നു. വികസന സമന്വയം ഒഴികെ മറ്റ് പ്രസിദ്ധീകരണങ്ങൾ ഏതു കോപ്പികൾ അച്ചടിക്കണമെന്ന വിഷയത്തിൽ തീരുമാനമായിട്ടില്ല.

(ഡി) പരിശോധിക്കാറുണ്ട്.

പത്രപ്രവർത്തകർക്കും നോൺ ജേർണലിസ്റ്റുകൾക്കുമുള്ള പെൻഷൻ

80 (1551) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്രപ്രവർത്തകർക്കും നോൺ ജേർണലിസ്റ്റുകൾക്കുമുള്ള പെൻഷൻ യഥാക്രമം 8000 രൂപ, 5000 രൂപ എന്നിങ്ങനെ വർദ്ധിപ്പിക്കുമെന്ന് 2014-15-ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ടിരുന്നത് നടപ്പിലാക്കിയോ; ആക്കിയെങ്കിൽ ആയത് സംബന്ധിച്ചുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ ആയത് എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) പത്രപ്രവർത്തകർക്കുള്ള പെൻഷൻ 21-3-2015-ലെ സ.ഉ. (എംഎസ്.) നമ്പർ 5/2015/ഐ.&പി.ആർ. പ്രകാരം 8,000 രൂപയാക്കിയും നോൺ ജേർണലിസ്റ്റുകൾക്കുള്ള പെൻഷൻ 6-8-2015-ലെ സ.ഉ. (സാധാ) നമ്പർ 381/2015/ ഐ&പി.ആർ. പ്രകാരം 5000 രൂപ ആക്കിയും വർദ്ധിപ്പിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

സംഘർഷ മേഖലകളിലുള്ള മലയാളികൾ

81 (1552) ശ്രീ.ജോസഫ് വാഴയ്ക്കൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിലെ സംഘർഷ മേഖലകളിൽ നിന്നും മലയാളികളെ സുരക്ഷിതമായി എത്തിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ&ബി) വിദേശ രാജ്യങ്ങളിലെ കലാപബാധിതമായ സ്ഥലങ്ങളിൽ ജോലി ചെയ്യുന്നവർ/അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി നോർക്ക- റൂട്ട്സ് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ്ലൈനും കൺട്രോൾ റൂമും ഏർപ്പെടുത്തിയിട്ടുണ്ട്. 24 മണിക്കൂർ ഹെൽപ്പ്ലൈൻ മുഖാന്തരം നാട്ടിൽ എത്തുവാൻ സഹായ അഭ്യർത്ഥിക്കുന്നവരെ ഇന്ത്യൻ എംബസ്സിയും കേന്ദ്ര വിദേശകാര്യ മന്ത്രാലയവും മുഖാന്തരം തിരികെ നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംഘർഷ ബാധിത പ്രദേശങ്ങളിൽനിന്നും മലയാളികളെ അടിയന്തരമായി നാട്ടിലെത്തിക്കുന്നതിനുള്ള ചെലവുകൾക്കായി '2230-01-103-74-എമർജൻസി നിപ്പാടിയേഷൻ ഫണ്ട്' എന്ന ശീർഷകത്തിൽ തുക വകയിരുത്തി പ്രസ്തുത പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.